# പരവൂർ ജി. ദേവരാജൻ മാസ്റ്റർ
## പരവൂരിന്റെ രാഗസുധ

'**മ**ധുരിക്കും ഓർമ്മകളേ
മലർമഞ്ചൽ കൊുവരൂ
കൊു പോകൂ
ഞങ്ങളെ ആ മാഞ്ചുവട്ടിൽ'

എന്ന ഒ എൻ വി കവിതയ്ക്ക് മാസ്റ്റർ ചാലിച്ചു ചേർത്ത തേനൂറും സംഗീതം മലയാളികളുടെ മനസ്സിൽ മാസ്റ്ററെക്കുറിച്ച് ഒരായിരം മധുരിക്കുന്ന ഓർമ്മകൾ ഉണർത്തുന്നു.

വയലാറിന്റെ ഗാനങ്ങൾക്ക് ദേവരാജൻ മാസ്റ്റർ ഈണം നൽകുമ്പോൾ സ്വർണ്ണത്തിന് സുഗന്ധം പോലെ ആസ്വാദ്യകരവും സുന്ദരവുമാകുമെന്നും, ഒ എൻ വി താളലയത്തോടെ നിരത്തുന്ന അക്ഷരങ്ങളെ മാസ്റ്റർ തങ്കച്ചിലങ്കയണിയിച്ച് രാഗക്കുറിചാർത്തി ദേവനൃത്തം ചവിട്ടിക്കും എന്നുമൊക്കെയുള്ള അഭിജ്ഞമതം എത്രയോ ശരിയാണ്.

വയലാർ, ദേവരാജൻ, യേശുദാസ് ത്രയം ഒത്തുചേർന്നപ്പോഴൊക്കെ മലയാള കവിതയ്ക്കുായ അർത്ഥ, രാഗ, താള, ലയ, ശബ്ദ മാധുരി അവാച്യമാണ്. മാനവരാശിയുടെ ആവിർഭാവം മുതൽ വ്യത്യസ്ത രൂപത്തിലും ഭാവത്തിലും കാല, ദേശ, വംശ, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങളോടെ മനുഷ്യനോട് ഒപ്പത്തിനൊപ്പം വളർന്നു വികസിച്ച സാർവ്വലൗകിക കലാരൂപമാണ് സംഗീതം. എല്ലാ വിഭാഗം ജനങ്ങളും ഒരുപോലെയിഷ്ടപ്പെടുന്ന കലാരൂപം സംഗീതമാണെന്ന വസ്തുത പൂർണ്ണതോതിൽ ഉൾക്കൊ രാഗങ്ങളുടെ രാജശിൽപ്പിയാണ് ദേവരാജൻ മാസ്റ്റർ. നിത്യയൗവ്വനമാർന്ന മാസ്റ്ററുടെ മാസ്മരിക സംഗീതം ഇതിന്റെ ഉദാത്തമായ ഉദാഹരണവും.

സംഗീതത്തിന്റെ ലളിതഭാവങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നതിൽ മാസ്റ്ററോളം വിജയിച്ച സംഗീതജ്ഞർ വേറെ ഉോയെന്ന് സംശയമാണ്. മാസ്റ്ററുടെ അഭിപ്രായത്തിൽ "ലളിതമായാലേ കേൾക്കുന്നവർ രസിക്കൂ. എത്രമാത്രം ലളിതമാക്കാമോ അത്രമാത്രം സുന്ദരവും ആകർഷകവുമാകും ഗാനം–അതാണ് എന്റെ പ്രവർത്തനതത്ത്വം. ശാസ്ത്രീയ സംഗീതത്തിന്റെ ലളിതഭാവമാണ് ഞാൻ പാട്ടുകളിൽ ആവിഷ്ക്കരിക്കാൻ ശ്രമിച്ചിട്ടുള്ളത്. രാഗങ്ങൾ ഉള്ളിടത്ത് രാഗഛായകളോ, സ്വരസ്ഥാനങ്ങളോ മാത്രമാണ് ഉപയോഗിക്കാറുള്ളത്. ചുരുക്കം ചില സ്ഥലങ്ങളിൽ മാറ്റം കക്കോം. അത് ചലച്ചിത്ര സന്ദർഭത്തിന്റെയും കഥാപാത്രത്തിന്റെയും സ്വഭാവത്തെ അനുസരിച്ചോ കാലപരിഗണനയുടെ അടിസ്ഥാനത്തിൽ വേിവരുന്നതോ ആണ്." ഒ. എൻ. വി. യുടെ അഭിപ്രായത്തിൽ, 'പൂർവ്വ മാതൃകകൾ ഒന്നുമില്ലാതെ ഹൃദയത്തിൽ നിന്നും ചുിലേക്ക് സംഗീതം കൊത്തെിക്കുകയായിരുന്നു ദേവരാജൻ.' മാസ്റ്റർ ചാലിച്ചുചേർത്ത സംഗീതം കലർന്ന ഒരു ഗാനമെങ്കിലും മൂളിപ്പാട്ടായിട്ടെങ്കിലും പാടാത്ത ഒരു മലയാളിയും ഉാവില്ല, നിശ്ചയം.

കവിയുടെ ഹൃദയവും ഗായകരുടെ റെയിഞ്ചും സന്ദർഭവും കഥാപാത്രത്തിന്റെ സ്വഭാവവും മനസ്സിലാക്കി രാഗ, താള, ലയം ചാലിച്ച് ഗാനങ്ങളിൽ സന്നിവേശിപ്പിക്കാനുള്ള മാസ്റ്ററുടെ കഴിവ് അന്യാദൃശ്യമാണ്.

ഇരയിമ്മൻ തമ്പിയുടെ –

"പ്രാണനാഥനെനിക്ക് നൽകിയ
പരമാനന്ദ രസത്തെ
പറവതിനെളുതാമോ"

എന്ന ശൃംഗാര, ലാസ്യ, രാസ രസം കലർന്ന കാവ്യഭംഗിയുള്ള കവിതയ്ക്ക് മാസ്റ്റർ "കാംബോജി" രാഗം നൽകി, ശബ്ദമാധുര്യംകൊ് അനുഗ്രഹീതയായ മാധുരിയെക്കൊ് പാടിച്ച് അവതരിപ്പിച്ചപ്പോൾ ഉളവായ അനുഭൂതിയും കവിതയ്ക്കു കൈവന്ന അർത്ഥ വ്യാപ്തിയും ഇരയിമ്മൻ തമ്പിക്ക് കവിതാരചനയ്ക്ക് പ്രേരകമായ സാഹചര്യവും ലക്ഷ്യവും മാസ്റ്റർ പൂർണ്ണമായി ഉൾക്കൊതിന്റെ തെളിവാണ്. ഈ ഗാനത്തിന് മാധുരിക്ക് 1973 ലെ സംസ്ഥാന അവാർഡും ലഭിച്ചു.

പശ്ചാത്തലസംഗീതം ഉൾപ്പടെ 350–ൽപ്പരം മലയാള–തമിഴ് ചലച്ചിത്രങ്ങൾക്കും 50–ഓളം നാടകങ്ങൾക്കും നിരവധി നൃത്ത പരിപാടികൾക്കും കാസെറ്റുകൾക്കും മറ്റും മാസ്റ്റർ സംഗീതസംവിധാനം നിർവ്വഹിച്ചിട്ടു്.

ഇഖ്ബാൽ, ജയദേവൻ, സ്വാതിതിരുനാൾ, ബങ്കിംചന്ദ്രചാറ്റർജി, ശ്രീനാരായണഗുരു, ഇരയിമ്മൻ തമ്പി, ഉള്ളൂർ, കുമാരനാശാൻ, ചങ്ങമ്പുഴ, കാവാലം, കണ്ണദാസൻ, പി ഭാസ്ക്കരൻ, ഒ എൻ വി, വയലാർ, ശ്രീകുമാരൻ തമ്പി, കണിയാപുരം രാമചന്ദ്രൻ, യൂസഫലി കേച്ചേരി, പൂവച്ചൽ ഖാദർ, ബിച്ചു തിരുമല തുടങ്ങി 65–ൽപ്പരം മഹാന്മാരുടെയും കവികളുടെയും സൃഷ്ടികൾക്ക് മാസ്റ്റർ സംഗീതം നൽകി ജനപ്രിയമാക്കി.

ഡോ. ബാലമുരളീകൃഷ്ണ, യേശുദാസ്, എസ് പി ബാലസുബ്രഹ്മണ്യം, ജയചന്ദ്രൻ, മാധുരി, എസ് ജാനകി, പി സുശീല, എ എം രാജ, ജിക്കി, പി ലീല, കെ എസ് ജോർജ്, കെ സുലോചന, കമുകറ, ബ്രഹ്മാനന്ദൻ, ശാന്ത പി നായർ, പട്ടണക്കാട് പുരുഷോത്തമൻ, വാണി ജയറാം, ഉഷ ഉതുപ്പ്, ഡോ രശ്മി, വിധുപ്രതാപ്, മധു ബാലകൃഷ്ണൻ തുടങ്ങി 150–ഓളം ഗായകർ മാസ്റ്റർ ഈണം നൽകിയ ഗാനങ്ങൾ ആലപിച്ചിട്ടു്. 100–ൽപ്പരം വ്യത്യസ്ത രാഗങ്ങളിൽ 2000–ത്തോളം ഗാനങ്ങൾക്ക് മാസ്റ്റർ സംഗീതം പകർന്നു.

പുതിയ സംഗീത പ്രതിഭകളെ കത്തെി വേദിയിൽ അവതരിപ്പിക്കുന്നതിലും മാസ്റ്റർ തൽപ്പരനായിരുന്നു. വിധുപ്രതാപ്, സുദീപ്കുമാർ, ഡോ. രശ്മി, ജൂലി, വിജേഷ് ഗോപാൽ എന്നീ അഞ്ചു നവഗായകരെ മാസ്റ്റർ വേദിയിൽ അവതരിപ്പിക്കുകയുായി. അവരൊക്കെ ഇന്ന് മുൻനിര ഗായകരായി.

## സംഗീതപശ്ചാത്തലവും അരങ്ങേറ്റവും

പ്രസിദ്ധ സംഗീതജ്ഞനും മൃദംഗ വിദ്വാനുമായ പരവൂർ കൊച്ചുഗോവിന്ദൻ ആശാന്റെ മകനായ രാം ക്ലാസുകാരൻ കൊച്ചുദേവരാജനോട് പരവൂർ തെക്കുംഭാഗം സ്കൂളിലെ അദ്ധ്യാപകൻ ഒരു പാട്ടുപാടാൻ ആവശ്യപ്പെട്ട അനർഘ നിമിഷം മലയാള സംഗീതത്തിലെ ധന്യമുഹൂർത്തമായിരുന്നു.

'കാക്കേ കാക്കേ കൂടെവിടെ...'

എന്നു തുടങ്ങുന്ന പാഠപുസ്തകത്തിലെ കവിത ആ ഏഴുവയസ്സുകാരൻ സ്വന്തമായി ഈണം നൽകി ആലപിച്ചതാണ് പരവൂർ ജി ദേവരാജൻ മാസ്റ്റർ എന്ന സംഗീതപ്രതിഭയുടെ തുടക്കം.

പിതാവിന്റെ സംഗീതപാരമ്പര്യവും മാതാവിന്റെ ഈണത്തിലുള്ള പ്രഭാത സന്ധ്യാവന്ദനങ്ങളും ചുറ്റുവട്ടത്തുള്ള വീടുകളിൽ നിന്ന് ഉയർന്നുകേൾക്കുന്ന ഭജനപ്പാട്ടുകളും കുട്ടൂർപാലത്തിലൂടെ സ്കൂളിൽ പോകുമ്പോൾ കേട്ടിരുന്ന വള്ളക്കാരുടെ തുഴപ്പാട്ടും സർവ്വോപരി വീട്ടിലെ താളലയ നിബദ്ധമായ സംഗീത അന്തരീക്ഷവും കൊച്ചുദേവരാജന്റെ സംഗീത സർഗ്ഗപ്രതിഭയെ തൊട്ടുണർത്താൻ പര്യാപ്തമായിരുന്നു.

''കേഴ്വിതഴക്കം സംഗീത പഠനത്തിന്റെ ഒരു സുപ്രധാന ഘടകമാണെന്ന് മനസ്സിലാക്കിയ ഗോവിന്ദനാശാൻ മകനെ പ്രശസ്തരുടെ കച്ചേരി കേൾക്കാൻ കൂട്ടിക്കൊ് പോകുമായിരുന്നു. സംഗീത പാഠങ്ങൾ ഉറപ്പിക്കാനും ശൈലീവിശേഷങ്ങൾ ഗ്രഹിക്കുവാനും ഇത്തരം കച്ചേരികൾ സഹായകമായി. കേട്ടും പ്രയോഗിച്ചുമുള്ള സാധകമാണ് മനസ്സിലുള്ള സംഗീതത്തെ കൂടുതൽ പരിപുഷ്ടമാക്കുന്നതെന്ന തത്വം കൊച്ചുഗോവിന്ദനാശാൻ അറിഞ്ഞിരുന്നു. സംഗീതത്തിന്റെ മർമ്മപ്രധാന ഭാഗങ്ങളും സ്വരസഞ്ചാരപഥങ്ങളും അരുമശിഷ്യന് (പുത്രന്) പകർന്ന് കൊടുക്കുവാൻ ഗുരു പ്രത്യേകം ശ്രദ്ധിച്ചു. കോളേജ് വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ അനവധി കച്ചേരികൾ നടത്തുവാനുള്ള ആത്മവിശ്വാസം ദേവരാജന് വന്നത് ഈ വിധ പരിശീലനം മൂലമാണ്.'' (പെരുമ്പുഴ ഗോപാലകൃഷ്ണൻ)

സന്തതസഹചാരിയും കവിയും സംഗീത പ്രേമിയുമായിരുന്ന ശ്രീ പരവൂർ എം കെ രാഘവൻ പിള്ളയുടെ 'സരസ്വതീനമസ്തുതേ' എന്ന സരസ്വതീഗീതമാണ് മാസ്റ്റർ ഈണം നൽകിയ രാമത്തെ ഗാനം. ശ്രീ എം കെ രാഘവൻ പിള്ള തന്റെ കാവ്യ പുസ്തകത്തിന് 'ഗ്രാമീണഗായകൻ'' എന്ന് പേരിട്ടത് ആത്മമിത്രമായ ദേവരാജൻ മാസ്റ്ററെ ഉദ്ദേശിച്ചായിരിക്കാം. സമീപപ്രദേശത്ത് എവിടെ സംഗീതക്കച്ചേരി ഉങ്കെിലും കൂട്ടുകാരായ ശ്രീ എം കെ രാഘവൻപിള്ളയുടെയും ശ്രീ പോളച്ചിറ ഗോപിനാഥൻ നായരുടെയും കൂടെപ്പോയി കച്ചേരി കേട്ട് സംഗീത പാഠങ്ങൾ ഹൃദിസ്ഥമാക്കുന്ന ശീലം മാസ്റ്റർക്കു ായിരുന്നു.

തിരുവിതാംകൂർ സ്വാതന്ത്ര്യസമരപോരാളിയായിരുന്ന ശ്രീ എൻ ശ്രീകണ്ഠൻനായർ ജയിൽ മോചിതനായപ്പോൾ ആ സമരനായകന് പരവൂരിൽ സ്വീകരണം നൽകി. സ്വീകരണയോഗത്തിൽ മാസ്റ്റർ ഈണം നൽകി ആലപിച്ചതും ശ്രീ എം കെ രാഘവൻപിള്ള എഴുതിയതുമായ

'സ്വാഗതമങ്ങേയ്ക്കായി, ആദരപൂർവ്വക–
മേവുകയാണേ ശ്രീകണ്ഠാ
വാഴുക സഖാവേ ശ്രീകണ്ഠാ'

എന്നു തുടങ്ങുന്ന സ്വാഗതഗാനത്തിനാണ് മാസ്റ്റർ മൂന്നാമതായി സംഗീതം നൽകിയത്. ശ്രീ എം കെ രാഘവൻപിള്ളയുടെ നിരവധി ഗാനങ്ങൾക്ക് മാസ്റ്റർ സംഗീതം നൽകിയിട്ടു്.

പി ഭാസ്കരന്റെ 'ഹൃദയയവനികയിൽ നിന്നും' എന്നു തുടങ്ങുന്ന കവിതയ്ക്കും 'കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി' എന്ന ചങ്ങമ്പുഴ കവിതയ്ക്കും മാസ്റ്റർ തുടർന്ന് സംഗീതം നൽകി.

## സംഗീത കച്ചേരിയും നാടക ഗാനങ്ങളും

കോളേജ് വിദ്യാഭ്യാസ കാലത്ത് 18–ാമത്തെ വയസ്സിലാണ് മാസ്റ്റർ പ്രൊഫഷണലായി സംഗീതത്തെ സമീപിച്ചതും കച്ചേരികൾ നടത്തി തുടങ്ങിയതും. 1948 മുതൽ 1966 വരെ 18 വർഷം മാസ്റ്റർ തെക്ക് ശുചീന്ദ്രം മുതൽ വടക്ക് ചെറായി വരെ കച്ചേരികൾ നടത്തിയിട്ടു്. മാവേലിക്കര കൃഷ്ണൻകുട്ടിനായർ, മാവേലിക്കര രാജു, കളർകോട് മഹാദേവൻ, ചാലക്കുടി ബാലകൃഷ്ണൻ, കോയിവിള ചെല്ലപ്പൻ പിള്ള, നല്ലെ മണി അയ്യർ, തൂത്തുക്കുടി ദേവരാജൻ തുടങ്ങിയ ഒന്നാംകിട മേളക്കാരെല്ലാം മാസ്റ്ററുടെ കച്ചേരിക്ക് പക്കമേളം വായിച്ചിട്ടു്.

പി ഭാസ്ക്കരന്റെയും ചങ്ങമ്പുഴയുടെയും ഗാനങ്ങൾക്ക് സംഗീതം പകർന്ന് തന്റെ കച്ചേരികളിൽ അവതരിപ്പിക്കുന്നത് മാസ്റ്ററുടെ പതിവായിരുന്നു.

'ആ രാവിൽ നിന്നോട് ഞാൻ ഓതി രഹസ്യങ്ങൾ' എന്ന ചങ്ങമ്പുഴയുടെ കവിത മാസ്റ്റർഈണം നൽകി അവതരിപ്പിച്ചത് അന്ന് വളരെ പ്രശസ്തമായിരുന്നു.

കൊല്ലം എസ് എൻ കോളജ് അങ്കണത്തിൽ 1951 ൽ

'പൊന്നരിവാളമ്പിളിയില്
കണ്ണെറിയുന്നോളേ...'

എന്ന ഒ എൻ വി കവിത മാസ്റ്റർ ഈണം നൽകി അവതരിപ്പിച്ചത് മലയാള ഗാന–സംഗീത ശാഖയ്ക്ക് വഴിത്തിരിവും ഒ എൻ വി–ദേവരാജൻ കൂട്ടുകെട്ടിന്റെ ആരംഭവുമായി.

മാസ്റ്റർ സ്വന്തമായി ഈണം നൽകി പാടിയ 'ആരാരോ പോരുവതാരോ' എന്ന പ്രസിദ്ധ ഗാനം തിരുവനന്തപുരം വി ജെ ടി ഹാളിൽ വച്ച് അഡ്വ. ജനാർദ്ദനക്കുറുപ്പ് കേൾക്കാനിടയായത് മാസ്റ്ററുടെ സംഗീത ജീവിതത്തിന് വഴിത്തിരിവായി. മാസ്റ്ററിൽ കുടികൊിരുന്ന സംഗീത പ്രതിഭയെ തിരിച്ചറിഞ്ഞ കരിമ്പാലൂർ സ്വദേശിയും കെ പി എ സി യുടെ എല്ലാവുമായിരുന്ന അഡ്വ. ജനാർദ്ദനക്കുറുപ്പ് മാസ്റ്ററെ കെ.പി.എ.സി.യിലേക്ക് ക്ഷണിച്ചുകൊുപോയി.

'പൊന്നരിവാളമ്പിളിയില്...'

എന്ന ഗാനം 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിൽ ഉൾപ്പെടുത്തിയത് മലയാള ഗാനശാഖയുടെയും കെ പി എ സിയുടെയും പ്രശസ്തിക്ക് കാരണമായി. കെ പി എ സി, കാളിദാസകലാകേന്ദ്രം, കേരള തീയേറ്റേഴ്സ്, പ്രതിഭ തീയേറ്റേഴ്സ് തുടങ്ങി വിവിധ സമിതികൾക്കായി മാസ്റ്റർ ചിട്ടപ്പെടുത്തിയ നാടകഗാനങ്ങളൊക്കെ അനശ്വരമായി. തൊട്ടതെല്ലാം പൊന്നായി.

## സിനിമയിലേക്കൊരു കാലുമാറ്റം

1955–ൽ 'കാലം മാറുന്നു' എന്ന മലയാള സിനിമയ്ക്കുവേി

'ആ മലർപൊയ്കയിൽ ആടിക്കളിക്കുന്നോ
രോമന താമരപ്പൂവേ
മാനത്തു നിന്നൊരു ചെങ്കതിർമാല നിൻ
മാറിലേക്കാരേ എറിഞ്ഞു.'

എന്ന ഗാനത്തിനുവേി ഒ എൻ വിയും ദേവരാജനും കെ എസ് ജോർജും കെ എസ് സുലോചനയും ആദ്യമായി ചലച്ചിത്രരംഗത്ത് അരങ്ങേറിയത് മലയാള സിനിമാസംഗീതത്തിന്റെ തന്നെ മാറ്റത്തിന്

കാരണമായി. 1952–ൽ 'പൊന്നരിവാൾ അമ്പിളിയുമായി' 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിലൂടെയും 1955–ൽ 'ആ മലർ പൊയ്കയുമായി' 'കാലം മാറുന്നു' എന്ന സിനിമയിലൂടെയും ഒ എൻ വിയും ദേവരാജൻ മാസ്റ്ററും ഒന്നിച്ചുതന്നെ നാടകത്തിലും സിനിമയിലും അരങ്ങേറ്റം നടത്തി എന്നതും ശ്രദ്ധേയമാണ്

1948–ൽ 18–ാം വയസ്സിൽ ആരംഭിച്ച സംഗീത കച്ചേരികൾ 1966–ൽ നിർത്തിയെങ്കിലും ഏഴാം വയസ്സിൽ തുടക്കമിട്ട സംഗീത സംവിധാനചര്യ ഗംഗാപ്രവാഹം പോലെ അനുസ്യൂതം തുടർന്നു. ദേവരാജ ഗാനധാര പെയ്തൊഴിയാത്ത നിത്യവർഷമായി തുടർന്നു.

1957–ൽ 'ബലികുടീരങ്ങളേ' എന്ന ഗാനത്തിലൂടെയാണ് മലയാള ചലച്ചിത്ര സംഗീതത്തിലെ അപൂർവ്വ ഇരട്ടകളായ ദേവരാജൻ മാസ്റ്ററും വയലാർ രാമവർമ്മയും ഒന്നിക്കുന്നത്. തിരുവനന്തപുരം, പാളയം രക്തസാക്ഷിമണ്ഡപത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ വയലാർ രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം നൽകി അവതരിപ്പിച്ചതാണ്:

'ബലികുടീരങ്ങളേ, ബലികുടീരങ്ങളേ!
സ്മരണകളിരമ്പും രണസ്മാരകങ്ങളേ
ഇവിടെ ജനകോടികൾ ചാർത്തുന്നു നിങ്ങളിൽ
സമരപുളകങ്ങൾ തൻ സിന്ധൂരമാലകൾ'

എന്ന സമാനതകളില്ലാത്ത രക്തസാക്ഷി അനശ്വരഗാനം. രക്തസാക്ഷിമണ്ഡപത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് രാഷ്ട്രപതി ബാബു രാജേന്ദ്രപ്രസാദ് ആയിരുന്നു.

ദേവരാജൻ മാസ്റ്ററും വയലാറും 128 ചിത്രങ്ങൾക്കുവേ ഗാനങ്ങൾ ഒരുക്കി. ഇതൊരു റിക്കോർഡാണ്. അപൂർവ്വ ഇരട്ടകളായ ദേവരാജൻ മാസ്റ്ററും വയലാറും കാലാന്തരത്തിൽ വേർപെടുത്താനാവാത്ത സയാമീസ് ഇരട്ടകളെപ്പോലെ മലയാള ഗാനശാഖയിൽ ഇഴുകിച്ചേരുകയായിരുന്നു. വയലാറിന്റെ അകാല നിര്യാണം 1975–ൽ ഉാകാതിരുന്നെങ്കിൽ അവർ വീും അത്ഭുതങ്ങൾ സൃഷ്ടിച്ചേനെ.

മാസ്റ്റർ സംഗീതം നൽകിയ അനേകം ഗാനങ്ങൾ യേശുദാസ് പാടി ഹിറ്റാക്കിയിട്ടു്. സംഗീത ഗന്ധർവ്വൻ ദേവരാജൻ മാസ്റ്ററും ഗാനഗന്ധർവ്വൻ യേശുദാസും മലയാള സംഗീതത്തെ ലോകപ്രശസ്തമാക്കി. സംസ്ഥാന സർക്കാർ 1969 ൽ ആദ്യമായി ഏർപ്പെടുത്തിയ ചലച്ചിത്ര വിഭാഗത്തിനുള്ള അവാർഡുകൾ വയലാറിനും ദേവരാജൻ മാസ്റ്റർക്കും പി ലീലയ്ക്കുമാണ് ലഭിച്ചത്.

'ശ്രീനാരായണഗുരു' എന്ന ചലച്ചിത്രത്തിനും ശ്രീനാരായണ ഗുരു രചിച്ച 'ശിവശങ്കര സർവ്വ ശരണ്യ വിഭോ' എന്ന കവിതയ്ക്കും മാസ്റ്റർ സംഗീതം നൽകി. ഈ കവിത ആലപിച്ചതിന് 1986–ൽ ശ്രീ ജയചന്ദ്രന് ദേശീയ അവാർഡ് ലഭിച്ചു.

## രാഗങ്ങളുടെ രാജൻ

മാസ്റ്റർ 100 ലധികം രാഗങ്ങൾ പ്രയോഗിച്ചിട്ടുങ്കെിലും ഇഷ്ട രാഗമായ 'മോഹന' രാഗത്തിൽ 32 സിനിമ ഗാനങ്ങൾക്ക് ഈണം നൽകിയിട്ടു്. എന്നാൽ ഒന്ന് മറ്റൊന്നിൽ നിന്ന് വ്യത്യസ്തമാകാൻ മാസ്റ്റർ കാണിച്ച ക്രാഫ്റ്റ്സ്മാൻഷിപ്പ് അനിതരസാധാരണമാണ്. മാസ്റ്റർ 'മോഹന'ത്തിൽ ഈണം നൽകിയ

''ദേവതാരു പൂത്തുനാളൊരു''
''മാലിനി നദിയിൽ''
''മഞ്ഞലയിൽ മുങ്ങിത്തോർത്തി''
''ഏഴു സുന്ദര രാത്രികൾ''
''ഗുരുവായൂരമ്പലനടയിൽ''
''ദേവലോകരഥവുമായ്''
''ഉത്തിഷ്ഠതാ ജാഗ്രത''
''ഏഴര പൊന്നാന''
''യാഹി മാധവ യാഹി കേശവ''
''പാലാഴി കടഞ്ഞെടുത്തൊരു''
''സ്വർഗ്ഗപുത്രീ നവരാത്രീ''
''നീലാംബുജങ്ങൾ വിടർന്നു''

തുടങ്ങിയവയെല്ലാം മനോമോഹനങ്ങളായ ഓരോ വ്യത്യസ്ത ക്ലാസ്സിക്കുകൾതന്നെ.

ഒരു ഗാനത്തിൽതന്നെ വ്യത്യസ്ത രാഗങ്ങൾ കോർത്തിണക്കി രാഗമാലിക തീർക്കുന്നതിലും മാസ്റ്റർ അതിവിദഗ്ധനാണ്. സ്വത്ത് എന്ന സിനിമയിൽ എം ഡി രാജേന്ദ്രൻ രചിച്ച 'മായാമാളവഗൗള' എന്നു തുടങ്ങുന്ന ഗാനത്തിന് 15 രാഗങ്ങളുടെ രാഗമാലിക തീർത്ത് രാഗമാലിക പ്രയോഗത്തിൽ മാസ്റ്റർ റിക്കോർഡ് സൃഷ്ടിച്ചിട്ടു്. യേശുദാസാണ് ഈ അപൂർവ്വ ഗാനം ആലപിച്ചത്.

ഒരു രാഗം മുന്നിൽക്ക് മാസ്റ്റർ സംഗീതം നൽകാറില്ല. ഗാനാലാപാനം നടത്തുന്ന കഥാപാത്രത്തിന്റെ സ്വഭാവം അനുസരിച്ചും ആ കഥാപാത്രത്തിന്റെ ഭാവാവിഷ്കരണത്തിന് അനുയോജ്യമായും ഉള്ള രാഗമാണ് മാസ്റ്റർ ഉപയോഗിക്കാറ്. ഒരു രാഗത്തിന്റെ ഭാവപകർച്ച അനുസരിച്ച് ഒരു രാഗത്തിൽ നിന്ന് മറ്റൊരു രാഗത്തിലേക്ക് മാറാനും മാസ്റ്റർ മടിക്കാറില്ല. ഗാനത്തിൽ പ്രയോഗിച്ചിട്ടുള്ള വാക്കുകൾക്കും പദങ്ങൾക്കും പ്രയോഗങ്ങൾക്കും അതിന്റെ ഭാവത്തിനും അനുസരണമായിട്ടായിരിക്കും രാഗങ്ങൾ കടന്ന് വരാറ്. മാസ്റ്റർ രാഗങ്ങളുടെ പിറകെ പോകാറില്ല. പകരം രാഗങ്ങൾ മാസ്റ്ററുടെ പിറകെ വരാറാണ് പതിവ്. കഥാപാത്രത്തിന്റെ സ്വഭാവത്തിനും റേയ്ഞ്ചിനും അനുസരണമായി ലിറിക്കിൽ മാറ്റങ്ങൾ വരുത്തുവാൻ ചിലപ്പോൾ മാസ്റ്റർ ഗാനരചയിതാക്കളോട് അഭ്യർത്ഥിക്കാറുമു്. ഇത്തരം സന്ദർഭങ്ങളിൽ 'അളിയൻ തന്നെ അതങ്ങ് മാറ്റ' എന്ന് വയലാർ മാസ്റ്ററോട് പറയാറുായിരുന്നുപോലും. രചയിതാവും സംവിധായകനും ഒന്നാകുന്ന അസുലഭ മുഹൂർത്തം! ഇവിടെയാണ് ഉത്തമ സംഗീതം ജന്മമെടുക്കുന്നത്.

പ്രശസ്തരും പ്രതിഭാധനരുമായ പരവൂർ വി കേശവൻ ആശാൻ, പരവൂർ കെ സി കേശവപിള്ള, കെ ആർ കുഞ്ഞുണ്ണിത്താൻ, കെ ആർ നാരായണൻ ഉണ്ണിത്താൻ എന്നീ ഉണ്ണിത്താൻ സഹോദരന്മാർ, പുലിക്കുളത്ത് പത്മനാഭപിള്ള ഭാഗവതർ, കോട്ടപ്പുറത്ത് കൊച്ചുവീട്ടിൽ കാർത്യായനിയമ്മ, പിതാവായ കൊച്ചുഗോവിന്ദനാശാൻ തുടങ്ങിയവരുടെ സമ്പന്നമായ സംഗീത പൈതൃകം പരവൂരിനു്. ഈ സംഗീത പൈതൃകം മാസ്റ്റർ ഉൾക്കൊിട്ടുമു്.

പിതാവിൽ നിന്നുമാത്രം സംഗീതം അഭ്യസിച്ച മാസ്റ്റർ പ്രഗത്ഭരുടെ കച്ചേരികൾ കേട്ടും സ്വയം ഗവേഷണം നടത്തിയും ധാരാളം വായിച്ചും തനതായ സംഗീത ശൈലിക്ക് രൂപം നൽകുകയായിരുന്നു. കർണ്ണാടക സംഗീതത്തിന്റെയും ഹിന്ദുസ്ഥാനി സംഗീതത്തിന്റെയും പാശ്ചാത്യ സംഗീതത്തിന്റെയും നാടൻ പാട്ടുകളുടെയും ഒക്കെ അന്തഃസന്ത സ്വാംശീകരിച്ച് ആവശ്യാനുസരണം തന്റെ സംഗീതത്തിൽ സന്നിവേശിപ്പിക്കാനുള്ള മാസ്റ്ററുടെ കഴിവ് പ്രശംസനീയമാണ്.

സംഗീതം നൽകുന്നതിൽ മാസ്റ്റർ വളരെയധികം ശ്രദ്ധാലുവാണ്. ഒരിക്കൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സംഗീതത്തിൽ മാസ്റ്റർ തന്നെ സ്വന്തമായി പലവുരു പാടിനോക്കുകയും അത് മനസ്സിൽ പതിയുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്തതിനു ശേഷമേ അവസാന തീരുമാനം എടുക്കാറുള്ളൂ. ക്ഷീരബല പോലെ ആവർത്തന വിധേയമാക്കുകയും പൂർണ്ണത ഉറപ്പുവരുത്തുകയും ചെയ്യുന്നതുകൊണ്ട് മാസ്റ്റർ സംഗീതം നൽകിയ ഗാനങ്ങൾ ഒരിക്കൽ കേട്ടാൽ മറക്കാതിരിക്കുന്നതും, വീും കേട്ടാൽ മടുക്കാതിരിക്കുന്നതും, വീും വീും കേൾക്കാൻ ആഗ്രഹിക്കുന്നതും. ഗാനരചയിതാവിന്റെ ഉള്ളറിഞ്ഞും, വാക്കുകളുടെ പ്രയോഗാർത്ഥത്തിന് ഒട്ടും കോട്ടം തട്ടാതെയും, അവസരത്തിനും മുഹൂർത്തത്തിനും അനുയോജ്യമായും, ആവശ്യമായ വികാരവായ്പോടെയും, അളന്ന് തൂക്കി കാച്ചിക്കുറുക്കിയ സംഗീതം–അതാണ് ദേവരാജ സംഗീതം.

കവിതയുടെ ഉള്ളറിഞ്ഞ് മാസ്റ്റർ നൽകുന്ന ഈണത്തിൽ ഗാനങ്ങൾ കേൾക്കുമ്പോൾ ഉാകുന്ന അനുഭൂതി വിശേഷം അവാച്യമാണ്, തൊട്ടറിയുന്നതുപോലെ. ശബരിമലയിൽ ശാസ്താവിനെ ഉറക്കാനായി 'മദ്ധ്യമാവതി' രാഗത്തിൽ പാടുന്ന 'ഹരിവരാസന'ത്തിന്റെ സംഗീതം ദേവരാജൻ മാസ്റ്ററുടേതാണ്. 1975–ൽ 'സ്വാമി അയ്യപ്പൻ' എന്ന സിനിമയ്ക്കുവേിയാണ് മാസ്റ്റർ ഹരിവരാസനത്തിന് സംഗീതം നൽകിയത്. ഈ ഉറക്കുപാട്ട് പാടിയത് യേശുദാസാണ്.

'കടുംപിടുത്തക്കാരൻ', 'പിടിവാശിക്കാരൻ' എന്നൊക്കെ മാസ്റ്ററെപ്പറ്റി പറയാറുായിരുന്നു. ഭാഷയിലും സാഹിത്യത്തിലും സംഗീതത്തിലും നല്ല അവഗാഹമുള്ള മാസ്റ്റർ തന്റെ സംഗീതത്തിന്റെ പൂർണ്ണതയ്ക്കുവേി തികഞ്ഞ കടുംപിടുത്തക്കാരനായിരുന്നു. ഇതിൽ ഒരു വിട്ടുവീഴ്ചയ്ക്കു മാസ്റ്റർ തയ്യാറല്ലായിരുന്നു.

രാഗങ്ങളുടെ രാജനായ ഈ രാഗശില്പി ഈ രംഗത്ത് 50 ആുകൾ പിന്നിട്ടു. ഋഷിതുല്യമായ തപസ്യയിലൂടെ പുതിയ സംഗീത പന്ഥാവുകൾ തേടിയ നൂറുശതമാനം സംഗീതോപാസകനായിരുന്നു അദ്ദേഹം.. അനാരോഗ്യം ഒരു ഭാഗത്ത് മാറ്റിവച്ച് സംഗീതാവിഷ്കാരത്തിനും ഗവേഷണത്തിനും വേി സമയം കത്തെിയ സംഗീത വിദ്യാർത്ഥിയായ മാസ്റ്ററെ ആരോട് ഉപമിക്കാനാവും. മനസ്സിൽ സംഗീത

സാഗരം അലയടിച്ചുയരുമ്പോൾ മാസ്റ്റർക്ക് എങ്ങനെ വിശ്രമിക്കാനാകുമായിരുന്നു! മരണത്തിന് മണിക്കൂറുകൾക്കുമുൻപ് ആശുപത്രി കിടക്കയിൽവച്ചുപോലും മാസ്റ്റർ ഷട്കാല പല്ലവി ചിട്ടപ്പെടുത്തുന്ന തിരക്കിലായിരുന്നു. ആശുപത്രിയിൽ വച്ച് ചിട്ടപ്പെടുത്തിക്കൊവന്നതും രാത്രി ഒരുറക്കത്തിനുശേഷം എഴുതുമെന്ന് മധുവിനോട് പറഞ്ഞിരുന്നതുമായ പല്ലവി എഴുതി രേഖപ്പെടുത്താൻ വിധി അനുവദിച്ചില്ല.

## ശക്തിഗാഥയും ക്വൊയറും

മാസ്റ്ററുടെ തനതായ സംഗീതാവിഷ്കാരമാണ് ശക്തിഗാഥയെന്ന ക്വൊയർ. മാസ്റ്റർ ക്വൊയറിനെ ഇങ്ങനെ പരിചയപ്പെടുത്തുന്നു. 'പള്ളിയിൽ പാടിക്കൊിരുന്ന ഭക്തിഗാനങ്ങൾ വ്യക്തി ഗാനാലാപനത്തിൽ നിന്നും ഹാർമണിയുടെ സഹായത്തോടുകൂടി ക്വൊയറിലേക്ക് മാറ്റി. അല്പം കൂടി വിശദമായി പറഞ്ഞാൽ ഒരു ഗാനത്തിലെ ഒരു വരി ഗായകസംഘത്തിലെ ഒരു കൂട്ടർ ഒരു ഈണത്തിൽ പാടുമ്പോൾ, മറ്റൊരു കൂട്ടർ അതിന് ചേരും വിധം അതേസമയത്ത് മറ്റൊരു ഈണത്തിൽ പാടുന്നു. അങ്ങനെ രാോ, മൂന്നോ, നാലോ തട്ടുകളിൽ ഹാർമണി പ്രകാരം നിരത്തി പാടുന്നതാണ് ക്വൊയറിന്റെ പ്രത്യേകത. ക്വൊയറിലും സംഘഗാനത്തിലും ഗായകസംഘങ്ങൾ പങ്കെടുക്കുമെങ്കിലും 'ക്വൊയർ' സംഘഗാനമല്ല. 'സംഘഗാനം' ക്വൊയറുമല്ല. ഒരു മുഖ്യഗായകൻ പാടിയതിനുശേഷം മറ്റുള്ളവർ ആവർത്തിച്ചു പാടുന്നതിനെയും എല്ലാപേരും കൂടി ഒരേ സമയത്ത് ഒരേ ഈണത്തിൽ പാടുന്ന രീതിയെയും സംഘഗാനമെന്ന് പറയാം. നേരത്തെ സൂചിപ്പിച്ചതുപോലെ സ്വരം രൂപപ്പെടുത്തി ഹാർമണൈസ് ചെയ്ത് ഗായകസംഘം പാടുന്നെങ്കിൽ മാത്രമേ ക്വൊയർ എന്നു പറയാവൂ എന്നാണെന്റെ അഭിപ്രായം.'

സംഗീതാലാപനത്തിലെ ഐക്യവും ഭാവവും ആഴവും ആണ് ശക്തിസംഗീതത്തിന്റെ സ്രോതസ്സ് എന്നും ശ്രവണ സുഖത്തോടുകൂടിയുള്ള കൂട്ടായ്മയുടെ കരുത്താണ് ക്വൊയർ സംഘഗാനാലാപനത്തിലുള്ള തന്റെ ലക്ഷ്യമെന്നും അതിനാലാണ് ഈ സംഗീതശില്പത്തിന് ശക്തിഗാഥ എന്ന് പേരിട്ടതെന്നും മാസ്റ്റർ വെളിപ്പെടുത്തിയിട്ടു്. രചനാശില്പത്തിലും അവതരണത്തിലും പുതുമയുള്ള തനതായ ഒരു ക്വൊയർ ശൈലി കത്തെി ശക്തിഗാഥയ്ക്ക് രൂപം നൽകുവാൻ മാസ്റ്റർക്ക് 3 വർഷത്തെ നിതാന്ത ജാഗ്രതയും കഠിനാദ്ധ്വാനവും ഗായകരുടെ തുടർച്ചയായ പരിശീലനവും വേി വന്നു. ശക്തിഗാഥാവിഷ്കാരം സംഗീതാസ്വാദകർക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഒരു അമൂല്യനിധിയും സംഗീതത്തിന് ഒരു മുതൽക്കൂട്ടുമാണ്.

പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയുടെ വേദിയിൽ 1994 ലും 2003 ലും മാസ്റ്റർ ശക്തിഗാഥയുടെ ക്വൊയർ അവതരിപ്പിച്ചിട്ടു്.

## ദേവരാജ ഷട്കാല പല്ലവി

സ്വാതിതിരുനാൾ മഹാരാജാവിന്റെ സംഗീത സദസ്സിൽ അംഗമായിരുന്ന പ്രശസ്ത സംഗീതജ്ഞൻ ഗോവിന്ദമാരാരുടെ പേരിനോട് ചേർന്നതും ശാസ്ത്രീയ സംഗീതത്തിലെ വരേണ്യവർഗ്ഗത്തിന് മാത്രം പ്രാപ്യമായിരുന്നതുമായ ഒരു സംഗീതാലാപന ശാഖയായിരുന്നു ഷട്കാല പല്ലവികൾ.

സ്വരവിസ്താരത്തിന്റെ സമയദൈർഘ്യത്തെയാണ് കാലം എന്ന പദം കൊ് വിവക്ഷിക്കുന്നത്.

1. അതിവിളംബം
2. വിളംബം
3. മദ്ധ്യമം
4. ദ്രുതം
5. അതിദ്രുതം
6. അതിഅതിദ്രുതം

എന്നിങ്ങനെ 6 കാലങ്ങളിലുള്ള ആലാപന രീതിയാണ് ഷട്ക്കാല ആലാപനം.

സംഗീതത്തെ ലളിതവൽക്കരിക്കുന്നതിനും ജനകീയവൽക്കരിക്കുന്നതിനും എന്നും ബദ്ധശ്രദ്ധനായിരുന്ന ദേവരാജൻ മാസ്റ്റർ ആലാപനത്തിൽ ഏറെ ക്ലിഷ്ടത നിറഞ്ഞ ഷട്കാല ആലാപനത്തെ സാധാരണക്കാരിൽ എത്തിക്കുവാൻ വേി നടത്തിയ പരിശ്രമം ശ്ലാഘനീയമാണ്.

ഷട്കാലപല്ലവിയിലേക്ക് ശ്രദ്ധ തിരിയുവാനുയ സാഹചര്യവും ആവിഷ്ക്കരിച്ച ആലാപന രീതിയും മാസ്റ്റർ ഇങ്ങനെ വിവരിക്കുന്നു:

‘‘ ‘ഷട്കാല’ എന്ന പദം എന്റെ ശ്രദ്ധയിൽപ്പെട്ടത് ‘സാംബമൂർത്തി’യുടെ ഒരു സംഗീത ഗ്രന്ഥം വായിച്ചപ്പോഴാണ്. ദക്ഷിണേന്ത്യയിൽ അറിയപ്പെടുന്ന ഒരു സംഗീത ധൈഷണികനായ സാംബമൂർത്തി ദക്ഷിണേന്ത്യൻ സംഗീതത്തിന്റെ വിവിധ വശങ്ങളെ പ്രതിപാദിച്ച് എഴുതിയിട്ടുള്ള പല ഗ്രന്ഥങ്ങളിൽ ഒന്നിൽ ഷട്കാലഗോവിന്ദമാരാരെപ്പറ്റി ഒരു വിവരണമുണ്ട്:

‘ചന്ദനചാർച്ചിത നീല കളേബര
പീതവസന വനമാലീ’

എന്നു തുടങ്ങുന്ന അഷ്ടപദി ഗാനം, ഗോവിന്ദമാരാർ 6 കാലങ്ങളിൽ പാടി ത്യാഗരാജസ്വാമികളെ അതിശയിപ്പിച്ചു എന്ന് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് എങ്ങനെ സാദ്ധ്യമായിരിക്കാം എന്നതിനെപ്പറ്റി കുറേക്കാലം ഞാൻ ആലോചിച്ചു. 1, 2, 3, 4, 5, 6 എന്നീ കാലങ്ങളിൽ പാടിയിരുന്നെങ്കിൽ അതൊരു സവിശേഷ സിദ്ധിയായിരിക്കുമെന്ന് ഞാൻ ഊഹിച്ചു.

‘‘ഇതിന്റെ പ്രയോഗരീതിയെപ്പറ്റി ചിന്തിക്കാതിരുന്നില്ല. 1, 2, 3, 4, 5, 6 എന്നീ കാലങ്ങളിലെ ആദ്യത്തെ ഒന്നും രും അവസാനത്തെ ആറാം കാലവും കേൾവിക്കാരന് എന്തായാലും സുഖകരമായ ഒരു അനുഭവം തരുന്നതായിരിക്കില്ല എന്നതായിരുന്നു എന്റെ നിഗമനം. എന്നാൽ 3, 4, 5 എന്നീ കാലങ്ങൾ അവതരിപ്പിക്കാവുന്നതാണെന്ന് തോന്നി. ഇതിന്റെ രീതി പ്രയോഗിച്ചു കാണിക്കേതാണെന്നും മനസ്സിലാക്കി. അതിനായി വളരെയേറെ ചിന്തയ്ക്കുശേഷം, ഞാൻ ഇതിന്റെ ആലാപന സമ്പ്രദായത്തിൽ മാറ്റം വരുത്തുകയും മറ്റൊരു രീതിക്ക് രൂപം നൽകുകയും ചെയ്തു.

‘‘ചതുരശ്രം മൂന്ന് കാലം, തിശ്രം മൂന്ന് കാലം (3+3) അങ്ങനെ 6 കാലം (ഷട്കാലം) പാടുക. ഇതാണ് ഞാൻ സ്വീകരിച്ച ഷട്കാല തത്ത്വം. മാത്രവുമല്ല, ഈ 6 കാലത്തിലും സ്വരം പാടാവുന്നതാണ് എന്നതും ഈ തത്ത്വത്തിൽപ്പെടുന്നു.

‘‘ചതുരശ്രഗതിയിലെ വിളംബകാലത്തിൽ തുടക്കത്തിലും രാം കാലത്തിലെ തുടക്കത്തിലും മധ്യത്തിലും ദ്രുതകാലത്തിലെ 4 സ്ഥലത്തും തിശ്രഗതിയിലെ ആദ്യകാലത്തിന്റെ 3 സ്ഥലത്തും 3–ാം കാലത്തിലെ മൂന്നു സ്ഥലത്തും സ്വരം പാടാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടു്.

‘‘ഷട്കാല പല്ലവിയുടെ എന്റെ വ്യാഖ്യാനവും ഞാൻ ആവിഷ്ക്കരിച്ച തത്ത്വവും ഇതാണ്. ഇതനുസരിച്ചാണ് അതിന്റെ ആലാപന സമ്പ്രദായം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.’’

മാസ്റ്റർ 150–ലേറെ പല്ലവികൾ സ്വയം രചിച്ച് സംഗീതം നൽകിയിട്ടു്. മരണത്തിന് മണിക്കൂറുകൾക്കു മുൻപുവരെ പുതിയ പല്ലവികൾ രചിക്കുന്ന തിരക്കിലായിരുന്നു മാസ്റ്റർ. ലോകത്തിന്റെ നിലനില്പ്പിന് ആധാരമായ കോസ്മിക് രശ്മികളെ ആധാരമാക്കി ‘പ്രപഞ്ചോത്ഭവ കാരണമയൂഖമേ, പ്രകാശഗംഗാ പ്രവാഹമേ ഈ ജീവന് നന്ദി ....’ എന്ന മാസ്റ്റർ ചിട്ടപ്പെടുത്തിയ ഷട്കാല പല്ലവി ചെന്നൈ കൃഷ്ണകുമാർ എന്ന യുവഗായകൻ കൊല്ലത്ത് ആലപിച്ചത് കേട്ടിരുന്നവരെ മുഴുവൻ കോരിത്തരിപ്പിച്ചു. സംഗീതശാസ്ത്രവും സൗരോർജ്ജശാസ്ത്രവും കോർത്തിണക്കി അവതരിപ്പിച്ച മാസ്റ്ററുടെ ഭാവന എത്രയോ മഹത്തരമാണ്.

ഷട്കാലപല്ലവികൾ ചിട്ടപ്പെടുത്തുന്നതിനുവേി ആരോഗ്യസ്ഥിതി കണക്കിലെടുക്കാതെ മാസ്റ്റർ ധാരാളം സമയം വിനിയോഗിച്ചിരുന്നു. മാസ്റ്റർ ചിട്ടപ്പെടുത്തിയ ഷട്കാലപല്ലവികൾ മുഴുവൻ പ്രസിദ്ധീകൃതമാകുന്നതോടെ, വേദിയിൽ അവതരിപ്പിക്കപ്പെടുന്നതോടെ, ഇപ്പോൾ ഗോവിന്ദമാരാരുടെ പേരിനോട് ചേർന്ന് അറിയപ്പെടുന്ന ഷട്കാലപല്ലവി ഭാവിയിൽ ദേവരാജൻ മാസ്റ്ററുടെ പേരിനോട് ചേർന്നായിരിക്കും അറിയപ്പെടുക – ‘ദേവരാജ ഷട്കാല പല്ലവി’ എന്നപേരിൽ.

## കൊച്ചുഗോവിന്ദൻ ആശാൻ–കൊച്ചുകുഞ്ഞ് സ്മാരക ദേവരാജ സംഗീത അവാർഡ്

മാസ്റ്ററുടെ പിതാവ് കൊച്ചുഗോവിന്ദൻ ആശാന്റെയും മാതാവ് കൊച്ചുകുഞ്ഞിന്റെയും സ്മരണയ്ക്കായി മാസ്റ്റർ സംഗീതം നൽകിയിട്ടുള്ള ഗാനങ്ങളുടെ മത്സരം എല്ലാ വർഷവും നടത്തി സമ്മാനം നൽകുന്നതിനായി പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും അതിന് ആവശ്യമായ തുക പരവൂർ എസ് എൻ വി ആർ സി ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തിട്ടു്. പ്രഥമ അവാർഡ് പരവൂർ നിവാസികൾക്ക് തന്നെ ലഭിക്കണമെന്ന് മാസ്റ്റർക്ക് നിർബ്ബന്ധം ഉായിരുന്നതിനാൽ മത്സരത്തിനുള്ള എൻട്രി പരവൂർകാർക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു. രാം വർഷത്തെ അവാർഡ് മത്സരം കൊല്ലം ജില്ല അടിസ്ഥാനത്തിൽ കൊല്ലത്ത് വച്ച് നടന്നു. മൂന്നാം വർഷത്തെ അവാർഡ് മുതൽ മത്സരം സംസ്ഥാനതലത്തിൽ നടത്തി വരുന്നു.

## മാസ്റ്ററുടെ കുടുംബം

കാളിദാസകലാകേന്ദ്രത്തിന്റെ പ്രസിഡന്റായിരുന്ന മാസ്റ്റർ 'ഡോക്ടർ' എന്ന നാടകത്തിനുവേ വീട്ടിൽചെന്ന് ക്ഷണിച്ചുകൊുവന്ന നർത്തകിയാണ് പെരുന്ന ലീലാമണി.

ഒ എൻ വി യുടെ:

'വെണ്ണിലാച്ചോലയിലെ വെണ്ണക്കൽപടവിങ്കൽ
മൺകുടമേന്തിയൊരു പെണ്ണുവന്നു'

എന്ന് മാസ്റ്റർ ഈണം നൽകിയ വരികൾക്കൊപ്പം ചുവടുവച്ചപ്പോൾ ലീലാമണി മാസ്റ്ററുടെ കൂടെയായിരിക്കും താൻ ഭാവി ജീവിതത്തിന്റെ പടവുകൾ കയറേതെന്ന് ഓർത്തോ എന്തോ.

കാളിദാസകലാകേന്ദ്രത്തിൽ ചേരുന്നതിന് മുമ്പ് പെരുന്ന ലീലാമണി പ്രസിദ്ധയായ കഥകളി നർത്തകിയായിരുന്നു. പരവൂർ ശാസ്താംനടയിലെ കഥകളിക്കുശേഷം രാവിലെ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ കാത്ത് നിൽക്കുമ്പോൾ 'ഇതാണ് പെരുന്ന ലീലാമണി. പൂതനാമോഷം കഥയിലെ പ്രസിദ്ധ നർത്തകി' എന്ന് ശ്രീ കെ പി എസ് കുറുപ്പ് സുഹൃത്തായ മാസ്റ്ററോട് പറഞ്ഞ് പരിചയപ്പെടുത്തിയത് ഒരു നിമിത്തമാകാം.

കാളിദാസകലാകേന്ദ്രത്തിലെ പരിചയവും സഹകരണവും സ്നേഹത്തിന്റെ പടവുകയറ്റം ത്വരിതപ്പെടുത്തി. 'മധുരിക്കും ഓർമ്മകളുമായി' 'കാറ്റിന്റെ തോണിയിൽ' ലീലാമണിക്ക് അധികകാലം കാത്തിരിക്കേി വന്നില്ല. 'കുഞ്ചന്റെ കതിർമണികൾ കൊത്തി നടന്ന തുഞ്ചൻ പറമ്പിലെ തത്ത' 1963 ഡിസംബർ 1 ന് കൊല്ലം ശാരദാമഠത്തിൽ വച്ച് 'പൊന്നിലഞ്ഞിപ്പൂവിൻ' 'മലർമാല' ചാർത്തി സംഗീതത്തിന്റെ 'തേൻമഴ പെയ്യുന്ന' പരവൂരിലെ 'വള്ളിക്കുടിലിനുള്ളിലേ'ക്ക് ശ്രീമതി ലീലാമണിയെ കൂട്ടിക്കൊുപോയി. വിവാഹശേഷം ദേവരാജ സംഗീതത്തിന്റെ 'തങ്കക്കാൽത്തള നാദം' 'ആയിരം പാദസരങ്ങൾ കിലുക്കിയും' 'സ്വർണ്ണചാമരം വീശിയും' പൂത്തുലയുകയായിരുന്നു.

മാസ്റ്ററും കുടുംബവും താമസം പരവൂരിൽ നിന്ന് മദ്രാസിലേക്ക് മാറ്റി. ഒരു മകനും ഒരു മകളും. നാട്ടിലേക്കുള്ള വരവ് വല്ലപ്പോഴുമായി. മാസ്റ്ററുടെ സംഗീതത്തിന്റെ സുവർണ്ണ ജൂബിലി ആരംഭത്തോടനുബന്ധിച്ച് 2003–ൽ പരവൂർ ഫൈൻ ആർട്ട്സ് സൊസൈറ്റി ഒരുക്കിയ പരിപാടികളിൽ പങ്കെടുക്കാനായി പരവൂരിൽ വന്നപ്പോൾ പഴയ സുഹൃത്തുക്കളെയെല്ലാം അവരവരുടെ വീടുകളിൽപോയി ക് കുശലം പറഞ്ഞു. പ് നടന്നുപോയ വഴികളിൽ വീും പോയി. വീടുനിന്ന കോട്ടപ്പുറത്തെ പന്നക്കാട് പറമ്പിലും പോയി. അന്യാധീനപ്പെട്ട, പിറന്നുവീണ പറമ്പിൽ നിന്നുകൊ് മാസ്റ്റർ പറഞ്ഞു: 'ഇവിടെ ഒരു സെന്റ് സ്ഥലം വാങ്ങി ഞാൻ ജനിച്ചു വളർന്ന ചെറിയ വീടിന്റെ മാതൃകയിൽ ചാണകം മെഴുകിയ ഒരു വീട് ഉാക്കണം.' മാസ്റ്ററുടെ ഗൃഹാതുരത്വം.

## ദേവരാജൻ മാസ്റ്ററും പരവൂർ ഫാസും

1994–ൽ ഫാസിന്റെ 17–ാമത് വാർഷിക പരിപാടികൾ ഉദ്ഘാടനം ചെയ്തത് ദേവരാജൻ മാസ്റ്റർ ആയിരുന്നു. മാസ്റ്ററുടെയും ഭാര്യ പെരുന്ന ലീലാമണിയുടെയും സാന്നിദ്ധ്യവും, പത്മശ്രീ ഡോ കെ ജെ യേശുദാസിന്റെ സംഗീത കച്ചേരിയും സാംസ്കാരിക സമ്മേളനവും ഒക്കെ 17–ാം വാർഷികാഘോഷം വൻ വിജയത്തിൽ എത്തിച്ചു.

ക്വൊയർ എന്ന തന്റെ നൂതന സംഗീതശില്പം ഫാസിന്റെ വേദിയിൽ അവതരിപ്പിക്കുന്നതിനായി മാസ്റ്റർ 1997–ൽ വീും പരവൂരിൽ വന്നു. അന്ന് വേദിയിലിരുന്ന് ക്വൊയറിന്റെ പ്രത്യേകതകളും അതിന് സംഘഗാനവുമായുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും ഒക്കെ വളരെ വിശദമായി ഫാസ് അംഗങ്ങളെ പറഞ്ഞു മനസ്സിലാക്കി. 1994 മുതൽ മാസ്റ്ററും ഫാസുമായി നല്ല ബന്ധം തുടർന്നു. 2002–ൽ എറണാകുളത്തു വച്ച് അഡ്വ. ജി ജനാർദ്ദനക്കുറുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ മാസ്റ്ററുടെ 75–ാം ജന്മദിനാഘോഷ പരിപാടികളിൽ ഫാസ് പ്രതിനിധികളും പങ്കെടുത്തു.

മാസ്റ്ററുടെ സംഗീത സംവിധാന സുവർണ്ണ ജൂബിലി 2003–ൽ പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പരവൂരിൽ വച്ച് സമുചിതമായി ആഘോഷിച്ചു. മന്ത്രിമാരായ സർവ്വശ്രീ ജി കാർത്തികേയൻ, എം എം ഹസ്സൻ എന്നിവരോടൊപ്പം മുൻ മുഖ്യമന്ത്രി പി കെ വാസുദേവൻ നായർ, മുൻ മന്ത്രി സി വി പത്മരാജൻ, തെന്നല ബാലകൃഷ്ണപിള്ള എം പി, എൻ കെ പ്രേമചന്ദ്രൻ എം പി, പ്രതാപവർമ്മ തമ്പാൻ എം എൽ എ, നെടുമുടി വേണു, ശ്രീകുമാരൻ തമ്പി, എം കെ അർജ്ജുനൻ, കെ രവീന്ദ്രനാഥൻ നായർ, ഒ മാധവൻ തുടങ്ങിയ പ്രശസ്തർ മാസ്റ്ററെ ആദരിക്കുന്ന ചടങ്ങിൽ

പങ്കെടുത്തു. അന്ന് രാത്രിയിൽ നടന്ന ‘ദേവരാജ ഗാനധാര’ യിൽ പി ജയചന്ദ്രൻ, മാധുരി, ഡോ. രശ്മി, സുധീപ്കുമാർ, വിജേഷ്, പാർവ്വതി തുടങ്ങിയ സിനിമ പിന്നണി ഗായകർ പങ്കെടുത്തു. തിരുവനന്തപുരം ‘നാദബ്രഹ്മം’ ഓർക്കസ്ട്രയും ശ്രീ ടെന്നിസൺ ശബ്ദവും നൽകി ഗാനധാര പ്രൗഢഗംഭീരമാക്കി. ഓരോ ഗാനത്തിനും സംഗീതം നൽകാനുായ സാഹചര്യവും പ്രേരണയും മാസ്റ്റർ സ്റ്റേജിൽ ഇരുന്ന് വിശദീകരിച്ചു. ഒരു സംഗീത സംവിധായകൻ സ്റ്റേജിൽ ഇരുന്ന് തന്റെ ഗാനങ്ങൾ വിശദീകരണത്തോടെ ഒന്നൊന്നായി അവതരിപ്പിച്ച അനുഭവം ഒരു പക്ഷേ ആദ്യത്തേതായിരിക്കാം.

കോട്ടപ്പുറം ഹൈസ്കൂളിൽ മനോഹരമായി കെട്ടി അലങ്കരിച്ച വിശാലമായ പന്തലിൽ രാവിലെ 10 മണി മുതൽ രാത്രി 11 മണിവരെ പരവൂരിന്റെ പ്രിയപുത്രന്റെ സ്വീകരണത്തിലും സമ്മേളനത്തിലും കലാപരിപാടികളിലും ക്ഷമയോടെ പങ്കെടുത്ത് പരവൂർക്കാർ നിർവൃതിയടഞ്ഞു. പരവൂരും മാസ്റ്ററും ഒന്നുതന്നെയെന്ന് അന്ന് മാസ്റ്റർക്കും പരവൂരിലെ ജനാവലിക്കും ബോദ്ധ്യമായി.

മാസ്റ്ററും പരവൂരുമായുള്ള ബന്ധം കൂടുതൽ കൂടുതൽ സുദൃഢമാവുകയായിരുന്നു. മാസ്റ്ററുടെ ഏക മകൾ ശർമ്മിളയെ വിവാഹം കഴിച്ചത് പരവൂർ ചാക്യാന്റഴികത്ത് ശ്രീ അശോകാണ്. ‘നെടുങ്ങോലം മാങ്ങയും’ പരവൂരിന്റെ പ്രത്യേക പലഹാരമായ ‘അ രി യു ’യും മാസ്റ്റർക്ക് ഏറെ പ്രിയമായിരുന്നു. സംഗീത സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടത്തിയ ദേവരാജ ഗാനധാരയിൽ പങ്കെടുത്ത എല്ലാ കലാകാരന്മാർക്കും നൽകിയ ഉപഹാര പായ്ക്കറ്റിൽ അരിയു ഉൾപ്പെടുത്താൻ മാസ്റ്റർ പ്രത്യേകം ശ്രദ്ധിച്ചു.

പ്രഥമ ദേവരാജ സംഗീത അവാർഡ് മത്സരത്തിന് നേതൃത്വം നൽകാനും അവാർഡ് സമ്മാനിക്കാനുമായി 2004–ൽ മാസ്റ്റർ പരവൂരിൽ വന്നു. സംഗീത ജീവിതത്തിൽ തന്നോട് സഹകരിച്ചിട്ടുള്ളവർക്കെല്ലാം സുന്ദരമായ ശില്പം നിർമ്മിച്ച് മാസ്റ്റർ അന്ന് മെമന്റോ ആയി നൽകി. അന്ന് പങ്കെടുക്കാതിരുന്നവർക്കെല്ലാം എത്തിച്ചും കൊടുത്തു. മാസ്റ്ററുടെ നാടക സിനിമ സംഗീത പ്രവർത്തനങ്ങൾക്ക് വഴികാട്ടിയായ അഡ്വ. ജി ജനാർദ്ദനക്കുറുപ്പ് അന്ന് പരിപാടികളിൽ പങ്കെടുത്തത് മാസ്റ്ററെ ഏറെ സന്തോഷിപ്പിച്ചിരുന്നു. ജീവിതാന്ത്യം മുൻകൂറായി ക് ആ ചടങ്ങ് ഒരു യാത്ര പറയലായി മാസ്റ്റർ ഒരുക്കിയതുപോലെ ഇപ്പോൾ തോന്നുന്നു.

മാസ്റ്ററുടെ ചരമവാർത്ത 2006 മാർച്ച് 14 ന് രാത്രി അറിഞ്ഞപ്പോൾ മുതൽ തന്നെ മൃതദേഹം ജന്മനാടായ പരവൂരിൽ കൊവന്ന് സംസ്കരിക്കുന്നതിനുള്ള ശ്രമം ഫാസ് നടത്തി. കായൽ തീരത്തുള്ള ഫാസ് ആസ്ഥാനത്ത് മാസ്റ്റർക്ക് അന്ത്യവിശ്രമത്തിനുള്ള ഒരുക്കങ്ങളും ചെയ്തു.

‘ഈ മനോഹരതീരത്ത് തരുമോ
ഇനിയൊരു ജന്മം കൂടി...’

എന്ന വയലാർ കവിതയ്ക്ക് ചേരുന്ന സംഗീതം നൽകി ചേതോഹരമാക്കാൻ പരവൂരിലെ മനോഹരമായ കായൽ തീരമായിരിക്കും മാസ്റ്റർക്ക് പ്രചോദനമായത്.

കൂടുതൽ സൗകര്യപ്രദമായ പൊതുസ്ഥലത്ത് മാസ്റ്റർക്ക് അന്ത്യവിശ്രമവേദി ഒരുക്കണമെന്ന് അഭിപ്രായം ഉായതിനെത്തുടർന്ന് പരവൂർ മുൻസിപ്പൽ നെഹ്റു പാർക്കിൽ മാസ്റ്ററുടെ മൃതദേഹം സംസ്ഥാന ബഹുമതികളോടെ ആയിരങ്ങളുടെ സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു. പരവൂരിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വിലാപയാത്രയും സംസ്കാരചടങ്ങുകളും മാസ്റ്ററുടേതായിരുന്നു.

മാസ്റ്റർ സാധാരണക്കാരിൽ നിന്നുവേറിട്ടു നിന്നു എന്ന് തോന്നിയെങ്കിലും മാസ്റ്ററുടെ സംഗീതം ജീവിതത്തിന്റെ എല്ലാ തുറയിലും ഉള്ളവരിൽ വൻ സ്വാധീനം ചെലുത്തിയിരുന്നു എന്ന് മൃതദേഹ ദർശനത്തിന് വന്നവരുടെ വികാര പ്രകടനങ്ങൾ തെളിയിച്ചു. തൊഴിലാളികളും കൂലിപ്പണിക്കാരും സാധാരണക്കാരും എല്ലാം പൊട്ടിക്കരഞ്ഞും വിതുമ്പിയുമാണ് ഭൗതികശരീരം ഒരുനോക്കു കാണാൻ കാത്തുനിന്നത്. ഭൗതികശരീരം ദർശിക്കാനുള്ള നിലയ്ക്കാത്ത ജനപ്രവാഹം ആ സംഗീത സാർവ്വഭൗമന്റെ ജനസ്വാധീനത്തിന് തെളിവായിരുന്നു.

മലയാളികൾ ഒന്നാകെ നെഞ്ചിലേറ്റിയ ദേവരാജൻ മാസ്റ്റർ ജന്മനാടായ പരവൂരിന്റെ മണ്ണിൽ അലിഞ്ഞു ചേർന്നു. മലയാളിയും മലയാളവും ഉള്ളിടത്തോളം മാസ്റ്റർ ഓർമ്മിക്കപ്പെടും.

മലയാള സംഗീതത്തിൽ ദേവരാജൻ മാസ്റ്റർ ഒഴിച്ചിട്ടുപോയ രാജകീയ സിംഹാസനത്തിന് അനുയോജ്യനായ അനന്തരാവകാശിക്കായി മലയാള നാട് ഇനി എത്ര നാൾ കാത്തിരിക്കണം!

ദേവരാഗങ്ങളുടെ രാജാധിരാജാ, അങ്ങേക്ക് ജന്മനാടിന്റെ സ്നേഹാഞ്ജലി.

---

(ഫൈൻ ആർട്സ് സൊസൈറ്റി പ്രസിദ്ധീകരിച്ച 'പരവൂർ ഒരു ചരിത്ര സ്മരണിക 2010'ൽ ഫാസ് പ്രസിഡന്റ് ശ്രീ പി കെ കാർത്തികേയൻ നായർ എഴുതിയ ലേഖനം)